മക്തബ്

1192 ധനു 22 — 1438 റ. ഉൽ ആഖിർ 7

കേൾക്കേണ്ട ശബ്ദം:
ചിതൽ തിന്നുതീർക്കുന്ന ഡയറിയിലെ പേരുകളിൽ ഒരുകാര്യവുമില്ലെന്ന് മന്ത്രിമാർ ഓർക്കണം
– ജോയ് മാത്യു.

കക്ഷിരാഷ്ട്രീയം ഫാസിസമാണ്

കക്ഷിരാഷ്ട്രീയത്തിന് ജനാധിപത്യപക്ഷത്ത് നിൽക്കാനാവില്ലെന്ന് പല തവണയായി തെളിയിക്കപ്പെട്ടതാണ്. തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു എന്ന തല്ല ജനാധിപത്യത്തിന്റെ അളവുകോൽ. എതിർ അഭിപ്രായങ്ങളെ സഹിഷ്ണുതയോടെ പരിഗണിക്കാനാകുമോ എന്നത് തന്നെയാണ് ജനാധിപത്യത്തിന്റെ അടയാളം. ഇക്കാര്യത്തിൽ കേരളത്തിലെ കക്ഷിരാഷ്ട്രീയ നേതൃത്വങ്ങൾ എല്ലാം എതിർപക്ഷത്താണ് നിൽക്കുന്നത്. ജനാധിപത്യത്തിന്റെ ജീവവായുവായ അഭിപ്രായ സ്വാതന്ത്ര്യം സംരക്ഷിക്കാനല്ല അതിനെ തടയാനാണ് കക്ഷിരാഷ്ട്രീയ നേതൃത്വങ്ങൾ പരിശ്രമിക്കുന്നത്. തങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ എതിർ സ്വരങ്ങൾക്ക് ഇടം അനുവദിക്കാത്തവരാണ് എല്ലാ കക്ഷിരാഷ്ട്രീയക്കാരും. അതിന് തയ്യാറാകാത്ത കക്ഷിരാഷ്ട്രീയ നേതൃത്വങ്ങളുണ്ടെങ്കിൽ ഒരേയൊരു കാരണമേ അതിനുള്ളൂ-എഴുന്നേറ്റ് നിൽക്കാനുള്ള ആരോഗ്യമില്ലായ്മ. അണികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടാകുന്ന ഇടങ്ങളിലൊക്കെ ഇക്കൂട്ടർ പത്തിവിടർത്തും എന്നതാണ് അനുഭവം.

കാസർക്കോട് ജില്ലയിൽ കഴിഞ്ഞ ദിവസമുണ്ടായ അക്രമങ്ങളും ഹർത്താലും കക്ഷിരാഷ്ട്രീയക്കാരുടെ ഫാസിസ്റ്റ് മുഖം അനാവരണം ചെയ്യുന്നതായിരുന്നു. സി.പി.എം ശക്തികേന്ദ്രമായ ചീമേനിയിൽ ഡിസംബർ 21ന് ബി.ജെ.പി നടത്തിയ പൊതുയോഗം അലങ്കോലപ്പെടുത്തുന്നു. അതിൽ പ്രതിഷേധിച്ച് ബി.ജെ.പി ചീമേനിയിലേക്ക് നടത്തിയ പദയാത്ര തടസപ്പെടുത്താൻ ശ്രമം നടത്തുന്നു. ഇതെന്ത് ജനാധിപത്യമാണ്. നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് എം.ടി.വാസുദേവൻ നായർ പറഞ്ഞ അഭിപ്രായത്തെ അപഹസിച്ച സംഘപരിവാർ നിലപാട് ഫാസിസമാണെന്ന് നാടുനീളെ പ്രചാരണം നടത്തുമ്പോഴാണ് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കുന്നുവെന്നത് ലജ്ജാകരമാണ്. ബി.ജെ.പിക്ക് പറയാനുള്ളത് അവർ പറയട്ടെ. അതിന് സി.പി.എം മറുപടി പറയട്ടെ. അങ്ങനെ ആശയത്തിന്റെയും രാഷ്ട്രീയത്തിന്റെയും തലത്തിൽ സംവാദങ്ങൾ വികസിക്കട്ടെ. അതിനു പകരം ബി.ജെ.പിക്ക് പറയാനുള്ള കാര്യം തിണബലത്തിന്റെ അടിസ്ഥാനത്തിൽ നിഷേധിക്കുമ്പോൾ വിജയിക്കുന്നത് ആരാണ്. ബി.ജെ.പിയെ സി.പി.എം ഭയപ്പെടുന്നുവെന്ന ചിന്തയാണ് കുറച്ചു പേരിലെങ്കിലും ഉണ്ടാകൂ. തീർച്ചയായും അത് സംഘപരിവാർ രാഷ്ട്രീയത്തിന് കരുത്തുപകരുകയാണ് ചെയ്യുക.

ഈ സംഭവത്തിന് തൊട്ടുമുമ്പാണ് ശിവഗിരിയിൽ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരനും ജനാധിപത്യത്തെ കുറിച്ച് വാചാലരായത്. "അക്രമ പ്രവർത്തനം വഴി ഏതെങ്കിലും ഒരു സംഘടനയെയോ, ആശയത്തെയോ ഇല്ലാതാക്കാൻ കഴിയില്ല" എന്നായിരുന്നു കോടിയേരി പറഞ്ഞത്. "അഭിപ്രായ വ്യത്യാസങ്ങൾ നിലനിർത്തി കൈകോർക്കാൻ കഴിഞ്ഞാലേ ഒരു സമൂഹമെന്ന നിലയിൽ നമുക്ക് വളരാൻ സാധിക്കൂ" എന്ന് കുമ്മനവും പ്രഖ്യാപിച്ചു. എത്ര മഹത്തരമായ ജനാധിപത്യ ചിന്ത. എന്നാൽ രണ്ടുപാർട്ടികളും സമൂഹത്തിൽ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്. പ്രസംഗത്തിൽ അല്ല പ്രവൃത്തിയിലാണ് ജനാധിപത്യം പ്രകടമാക്കേണ്ടത്.

ചീമേനി സംഘർഷത്തെ തുടർന്ന് ബി.ജെ.പി കഴിഞ്ഞ ചൊവ്വാഴ്ച കാസർക്കോട് ജില്ലാ ഹർത്താൽ പ്രഖ്യാപിച്ചു. ബി.ജെ.പിക്ക് തീർച്ചയായും ഹർത്താൽ പ്രഖ്യാപിക്കാൻ അവകാശമുണ്ട്. എന്നാൽ ഹർത്താലിൽ പങ്കെടുക്കാതിരിക്കാനുള്ള അവകാശം, വിയോജിക്കാനുള്ള അവകാശം മറ്റുള്ളവർക്കുമുണ്ട്. ഹർത്താൽ എന്ന സമരരൂപത്തെ കക്ഷിരാഷ്ട്രീയ നേതൃത്വങ്ങൾ ഫാസിസത്തിന്റെ കൊടിയടയാളമായി മാറ്റിയിരിക്കുകയാണ്. ഹർത്താൽ എന്നത് ബലം പ്രയോഗിച്ച് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യവും തൊഴിൽ എടുക്കാനുള്ള അവകാശത്തിന്റെ നിഷേധവുമാക്കി മാറ്റുകയാണ് ഇവിടെ. വാഹനങ്ങൾ ഓടേണ്ടയെന്ന് തീരുമാനിക്കുന്നവർക്ക് അങ്ങനെയാകാം. കടകൾ തുറക്കേണ്ട എന്ന് തീരുമാനിക്കുന്നവർക്ക്, തൊഴിൽ എടുക്കുന്നില്ല എന്ന് തീരുമാനിക്കുന്നവർക്ക് അതിനൊക്കെയുള്ള അവകാശമുണ്ട്. എന്നാൽ നിങ്ങളുടെ ഹർത്താലിനോട് വിയോജിപ്പുണ്ടെന്ന് പറയുന്നവരോട്, പറ്റില്ല നിങ്ങൾ ഹർത്താൽ ആചരിച്ചു കൊള്ളണം എന്ന് പറയുന്നത് എന്ത് ജനാധിപത്യമാണെന്ന് വിശദീകരിക്കണം.

അതിനെക്കാൾ ഏറ്റവും ക്രൂരം ഹർത്താൽദിനത്തിൽ കൃത്യമായി ചികിത്സ ലഭിക്കാതെ കാസർക്കോട് ഒരാൾ മരിച്ചുവെന്നതാണ്. നെഞ്ചുവേദന അനുഭവപ്പെട്ട് ഗുരുതരനിലയിലായ രോഗിയെ വിദഗ്ധ ചികിത്സക്ക് ആശുപത്രിയിൽ എത്തിക്കാനുള്ള ശ്രമമാണ് തടയപ്പെട്ടത്. വിവിധ സ്ഥലങ്ങളിൽ ഹർത്താലുകാരുടെ കാരുണ്യത്തിന് കെഞ്ചി രോഗിയെ ആശുപത്രിയിൽ എത്തിക്കുമ്പോഴേക്കും മരിച്ചിരുന്നു. നേരത്തെ ആശുപത്രിയിൽ എത്തിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഒരു പക്ഷെ, ആ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. ഒരു മനുഷ്യന് ചികിത്സ ലഭിക്കാനുള്ള അവകാശത്തെ നിഷേധിച്ചവർക്ക് ജനാധിപത്യത്തെ കുറിച്ച് പറയാൻ എന്ത് അവകാശം. സി.പി.എമ്മും ബി.ജെ.പിയും തമ്മിലുള്ള സംഘർഷത്തിൽ അതുമായി ബന്ധമില്ലാത്ത ഒരു മനുഷ്യന്റെ ജീവൻ കവർന്നെടുത്ത് ഹർത്താൽ വിജയം ആഘോഷിക്കുന്നവർ ജനാധിപത്യത്തിന്റെ മാത്രമല്ല മനുഷ്യ സമൂഹം ആർജിച്ച ധാർമ്മികതയുടെ തന്നെ കൊലയാളികളാണ്.

ഭക്തിഗാനങ്ങളുടെ സി.ഡി പ്രകാശനം ശ്രീകണ്ഠപുരത്ത് ഗായകൻ വി.ടി. മുരളി നിർവഹിക്കുന്നു

അന്ധകവി രചിച്ച ഭക്തിഗാന സി.ഡി പുറത്തിറക്കി

ശ്രീകണ്ഠപുരം: അന്ധകവി കാവുമ്പായിലെ എസ്.കെ.ഒതേനൻ നമ്പ്യാർ രചിച്ച ഗുരുവായൂരപ്പൻ ഭക്തിഗാനങ്ങളുടെ സി.ഡി പ്രകാശനം നടന്നു. ശ്രീകണ്ഠപുരത്ത് നടന്ന ചടങ്ങിൽ പ്രമുഖ ഗായകൻ വി.ടിമുരളി പ്രകാശനം നിർവഹിച്ചു. കവിയുടെ കുടുംബാംഗമായ അപർണ്ണ പ്രദീപാണ് ഗാനങ്ങൾ ആലപിച്ചത്. ഉണ്ണികൃഷ്ണൻ സംഗീതം നിർവഹിച്ച സി.ഡി കനകത്തിടം ട്രസ്റ്റാണ് പുറത്തിറക്കിയത്. ചടങ്ങിൽ എസ്.കെ.നാരായണൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. കെ.പി.കേശവൻ മാസ്റ്റർ സി.ഡി ഏറ്റുവാങ്ങി. എസ്.കെ.കുമാരൻ നമ്പ്യാർ, വി.ടി.മധുസൂദനൻ നായനാർ, ടി.വി.പുരുഷോത്തമൻ, എം.ഉണ്ണികൃഷ്ണൻ, എസ്.കെ.ജയദേവൻ, എസ്.കെ.രധാകൃഷ്ണൻ, കെ.പി.വേണുഗോപാലൻ സംസാരിച്ചു.

ഫിനാൻഷ്യൽ ആന്റ് ടാക്സ് കൺസൾട്ടൻസിൽ സൗജന്യ പരിശീലനം

കാഞ്ഞിരങ്ങാട്: കണ്ണൂർ റൂഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻഷ്യൽ ആന്റ് ടാക്സ് കൺസൾട്ടന്റ് സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. ഒരു മാസത്തെ പരിശീലന പരിപാടിയിൽ ഭക്ഷണവും സൗജന്യ താമസ സൗകര്യവും ലഭിക്കും.

പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള കണ്ണൂർ, കാസർക്കോട്, വയനാട്, മാഹി ജില്ലകളിലെ 18നും 45നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾ പേര്, രക്ഷിതാവിന്റെ പേര്, വയസ്, മേൽവിലാസം, ഫോൺ നമ്പർ, അക്കൗണ്ടൻസിയിലുള്ള മുൻപരിചയം എന്നിവ കാണിച്ച് ഡയറക്ടർ, റൂഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, നിയർ ആർ.ടി.എ ഗ്രൗണ്ട്, പി.ഒ.കുഞ്ഞിരങ്ങാട്, കണ്ണൂർ -670142 എന്ന വിലാസത്തിൽ 15ന് മുമ്പായി കിട്ടത്തക്ക വിധം അപേക്ഷിക്കണം. ഓൺലൈനായി അപേക്ഷിക്കാം. www.rudset.com ഫോൺ: 04602-226573

ആലക്കോട് മാതാവിന്റെ തിരുനാൾ; ടൗൺ പ്രദക്ഷിണം നാളെ

ആലക്കോട്: മരിയൻ തീർത്ഥാടന കേന്ദ്രമായ ആലക്കോട് സെന്റ് മേരീസ് ദേവാലയത്തിലെ മാതാവിന്റെ തിരുനാൾ മഹോത്സവത്തോടനുബന്ധിച്ചുള്ള ടൗൺ പ്രദക്ഷിണം നാളെ നടക്കും. ശനി, ഞായർ ദിവസങ്ങളിലായാണ് പ്രധാന തിരുനാൾ. ഭക്ത സംഘടനകളുടെ വാർഷികവും വിവിധ കലാപരിപാടികളും ഇന്ന് വൈകുന്നേരം ആറ് മണിക്ക് നടക്കും.

നാളെ വൈകുന്നേരം നാല് മണിക്ക് ആഘോഷമായ ദിവ്യബലി ഫാ. മനുരാജ് ജൂഡ് പുത്തൻവീട്ടിൽ കാർമ്മികത്വം വഹിക്കും. ഫാ. സെബാൻ ഇടയാടിയിൽ തിരുനാൾ സന്ദേശം നൽകും. 6.30ന് ആലക്കോട് ടൗണിലേക്ക് പ്രദക്ഷിണം. സമാപന ദിവസമായ ഞായറാഴ്ച രാവിലെ പത്ത് മണിക്ക് ആഘോഷമായ തിരുനാൾ കുർബാന. മോൺ. ഡോ. അലക്സ് താരാമംഗലം കാർമ്മികത്വം വഹിക്കും.

ഇന്റർവ്യൂ ഒമ്പതിന്

ആലക്കോട്: കണിയഞ്ചാൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ പ്രൈമറി വിഭാഗത്തിൽ യു.പി.എസ്.എയുടെ ഒരു താൽക്കാലിക ഒഴിവുണ്ട്. അഭിമുഖം ഒമ്പതിന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കും.

യു.എ.ഇ ചപ്പാരപ്പടവ് കൂട്ടായ്മയിൽ പങ്കെടുത്തവർ

ക്വിസ് മത്സരവും അനുസ്മരണവും

ശ്രീകണ്ഠപുരം: ചെങ്ങളായി ഗ്രാമോദ്ധാരണ ഗ്രന്ഥാലയം ആന്റ് വായനശാലയുടെ പ്രസിഡണ്ടായിരുന്ന കെ.പി.കുഞ്ഞിരാമൻ മാസ്റ്ററുടെ മൂന്നാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി അനുസ്മരണ പരിപാടിയും പഞ്ചായത്തുതല ക്വിസ് മത്സരവും സംഘടിപ്പിച്ചു. ഗ്രന്ഥാലയത്തിന്റെയും ചാച്ചാജി കൂട്ടിക്കൂട്ടത്തിന്റേയും തുടർവിദ്യാകേന്ദ്രത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ നടന്ന പരിപാടി റിട്ട. എ.ഡി.എമ്മും ഗ്രന്ഥശാലാ സംഘം പ്രവർത്തകനുമായ എ.സി. മാത്യു ഉദ്ഘാടനം ചെയ്തു. കെ.പി.അബ്ദുള്ളക്കുട്ടി മാസ്റ്റർ അധ്യക്ഷത വഹിച്ചു.

ഇ.കെ.അജിത്ത്കുമാർ, വി.കെ.വിജയകുമാർ, എ.നാരായണൻ, കെ.രാഹുൽ സംസാരിച്ചു. സെക്രട്ടറി എൻ.കെ.എ.ലത്തീഫ് സ്വാഗതവും വി.സി.ഗോകുൽ നന്ദിയും പറഞ്ഞു. ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ എൻ.പി.റുജ്ഹാന (സീതിസാഹിബ് എച്ച്.എസ്.എസ്), കെ.അൽത്താഫ് (ജി.എച്ച്.എസ്.എസ് ശ്രീകണ്ഠപുരം) എന്നിവർ ഒന്നും രണ്ടും സ്ഥാനവും യു.പി വിഭാഗത്തിൽ കെ.സി.നിവേദ്, അക്ഷയ്ജിത്ത് (ഇരുവരും വിവേകാനന്ദ വിദ്യാപീഠം) യഥാക്രമം ഒന്നും രണ്ടും സ്ഥാനവും നേടി. വിജയികൾക്ക് ബി.ടി. ആഷിഖ് മാസ്റ്റർ മെമന്റോയും ക്യാഷ്പ്രൈസും വിതരണം ചെയ്തു.

അമ്മംകുളം ഭാരത് സ്വാശ്രയ സംഘം കുടുംബസംഗമം ഫാ. ലിന്റോ സ്റ്റാൻലി ഉദ്ഘാടനം ചെയ്യുന്നു.

സ്വാശ്രയസംഘം വാർഷികവും കുടുംബസംഗമവും

ചപ്പാരപ്പടവ്: അമ്മംകുളം ഭാരത് സ്വാശ്രയസംഘത്തിന്റെ (കെയ്റോസ്) 14-ാം വാർഷികവും കുടുംബസംഗമവും സംഘം പ്രസിഡണ്ട് സോജൻ കുരുവിളയുടെ അധ്യക്ഷതയിൽ നടന്നു. കെയ്റോസ് കമ്മ്യൂണിറ്റി ഓർഗനൈസർ ഫാ. ലിന്റോ സ്റ്റാൻലി ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് പുതുശേരി അനുഗ്രഹപ്രഭാഷണവും നടത്തി. പച്ചക്കറി വിത്ത് വിതരണം പഞ്ചായത്ത് മെമ്പർ ടി. പ്രഭാകരൻ നിർവഹിച്ചു. പുസ്തക വിതരണം പഞ്ചായത്ത് മെമ്പർ ജയിംസ് പുറപ്പോക്കര നിർവഹിച്ചു. സമ്മാനദാനം എം.മനോജ് നിർവഹിച്ചു. സിജു തോമസ്, അനിൽകുമാർ, നിഖിൽ തോമസ്, മിനി രാജു, എം.സന്തോഷ്, റോഷ്നി മധു, യു.ഒ.ജോർജ് സംസാരിച്ചു. യു.ഒ.ജയിംസ് സ്വാഗതവും കെ.പ്രകാശൻ നന്ദിയും പറഞ്ഞു.

യു.എ.ഇ. ചപ്പാരപ്പടവ് കൂട്ടായ്മ ശ്രദ്ധേയമായി

ഷാർജ: യു.എ.ഇ ചപ്പാരപ്പടവ് കൂട്ടായ്മ ഷാർജ യൂത്ത് സെന്റർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച നാട്ടൊരുമ 2016 ശ്രദ്ധേയമായി. ഒ.പി.ഉമ്മർകുട്ടിയുടെ അധ്യക്ഷതയിൽ ഡോ.പി.സി.പി.ഉസ്മാൻ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഒ.മൊയ്തു, ഇബ്രാഹിംഫൈസി, ഒ.കുഞ്ഞഹമ്മദ്, ദുബൈ കെ.എം.സി.സി തളിപ്പറമ്പ മണ്ഡലം ജനറൽ സെക്രട്ടറി ഷരീഫ് പെരുമളാബാദ് പ്രസംഗിച്ചു. ഇർഫാനിയ യതീംഖാന മാനേജർ യു.വി.സുലൈമാൻ മാസ്റ്റർ മുഖ്യാതിഥിയായിരുന്നു. വിജയികൾക്കുള്ള സമ്മാനദാനം എം.ബി.ഫാറൂഖ്, എസ്.പി.ഹാഷിം, ഒ.മുസ്തഫ, ഒ.പി.സൈഫുദ്ധീൻ, എം.കെ.മൊയ്തു എന്നിവർ വിതരണം ചെയ്തു. പി.കെ.ഉനൈസ്, മുസ്തഫ കുറ്റിക്കോൽ, നാസി മംഗര നേതൃത്വം നൽകി. ഓമശേരി മുഹ്യദ്ധീൻ ഫൈസി പ്രാർത്ഥനക്ക് നേതൃത്വം നൽകി. കമ്മിറ്റി ജനറൽ സെക്രട്ടറി അസ്സൈനാർ ചപ്പാരപ്പടവ് സ്വാഗതവും ട്രഷർ പികെമുഹമ്മദ്കുഞ്ഞി നന്ദിയും പറഞ്ഞു.

ഫുട്ബോൾ അക്കാദമി ഉദ്ഘാടനവും ജില്ലാ തല ഫുട്ബോൾ ടൂർണ്ണമെന്റും നാളെ

ആലക്കോട്: താവുകുന്ന് മഹാത്മ ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന്റെ ഫുട്ബോൾ അക്കാദമി ഉദ്ഘാടനവും ജില്ലാതല ഫുട്ബോൾ ടൂർണ്ണമെന്റും നാളെ രാവിലെ 9.30 മുതൽ വായാട്ടുപറമ്പ് സെന്റ് ജോസഫ് ഹയർസെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. കെ.സി. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. ഫുട്ബോൾ മൽസരം ഒ.കെ. ബിനീഷ് ഉദ്ഘാടനം ചെയ്യും. എ.കെ. മാമുക്കോയ, ഫാ. ജോർജ് അരീക്കുന്നേൽ, ബിന്ദു ബാലൻ, ഷൈനി അബ്രഹാം, ബേബി ഓടമ്പള്ളിൽ, എം.എം. ഷനീഷ് പ്രസംഗിക്കും. മനു ഫ്രാൻസിസ് അധ്യക്ഷത വഹിക്കും. രതീഷ് പാച്ചേനി സ്വാഗതവും രാജീവ് നന്ദിയും പറയും.

എ.ഐ.ടി.യു.സി രാപ്പകൽ സമരം: സംഘാടക സമിതി രൂപീകരിച്ചു

കണ്ണൂർ: തുല്യ ജോലിക്ക് തുല്യവേതനം സുപ്രീംകോടതി വിധി നടപ്പിലാക്കുക, മിനിമം ശമ്പളം 18000രൂപയായി പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യാപകമായി നടക്കുന്ന സമരത്തിന്റെ ഭാഗമായി കണ്ണൂരിലെ രാപ്പകൽ സമരം വിജയിപ്പിക്കാൻ സംഘാടക സമിതി രൂപീകരിച്ചു. സംഘാടക സമിതി രൂപീകരണ യോഗം എ.ഐ.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡണ്ട് താവം ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സി.പി. മുരളി അധ്യക്ഷം വഹിച്ചു. എം. ഗംഗാധരൻ സ്വാഗതം പറഞ്ഞു. സി.പി. സന്തോഷ്കുമാർ പരിപാടികൾ വിശദീകരിച്ചു. പി. നാരായണൻ, മുള്ളങ്കണ്ടി ശശീന്ദ്രൻ, കല്ലേൻ ദാമോദരൻ, ടി. നാരായണൻ, എ. കൃഷ്ണൻ, സി. ലക്ഷ്മണൻ, കെ. സുരേഷ്ബാബു, പി. തിലകൻ, ബാബുരാജ്, ടി.കെ. സുരേഷ്ബാബു, എൻ. പ്രസാദ്, വി.പി. മാത്യു സംസാരിച്ചു. ഭാരവാഹികളായി വെള്ളോറ രാജൻ (ചെയർമാൻ), എം. അനിൽകുമാർ, മുള്ളങ്കണ്ടി ശശീന്ദ്രൻ, സി. ഗിരീശൻ, എം. ശരത്ചന്ദ്രൻ, പി. സുനിൽകുമാർ (വൈസ് ചെയർമാൻ), എം. ഗംഗാധരൻ (ജനറൽ കൺവീനർ), കല്ലേൻ ദാമോദരൻ, വി. സെബാസ്റ്റ്യൻ, എം.സി. സജീഷ്, സി. ഷാജു, ടി.കെ. സീന (കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

പട്ടുവം കോട്ടക്കീൽ പാലം; ഖദീജക്ക് ഇത് സ്വപ്ന സാക്ഷാത്കാരം

പഴയങ്ങാടി: പട്ടുവം കോട്ടക്കീൽ കടവ് പാലം 16ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കുമ്പോൾ 45 വർഷം മുമ്പുള്ള സ്വപ്നം യാഥാർത്ഥ്യമാകുന്ന സന്തോഷത്തിലാണ് പട്ടുവം കാവുങ്കലിലെ വാഴവളപ്പിൽ ഖദീജ. ഏഴോം പഞ്ചായത്തിലെ ബോട്ടുകടവ് സ്വദേശിയായ ഖദീജയെ മീത്തിലെപുരയിൽ മമ്മു വിവാഹം കഴിച്ചുകൊണ്ടുവന്നതാണ് ഇക്കരെ പട്ടുവം കാവുങ്കലിലേക്ക്. കർഷക തൊഴിലാളിയായ ഖദീജ നെല്ലും ചക്കയും മാങ്ങയും മറ്റും തന്റെ തറവാട് വീട്ടിലേക്ക് കൊണ്ടുപോയിരുന്നത് വലിയ ചീനകെട്ട് വള്ളങ്ങളിലും മറ്റുമാണ്. പലപ്പോഴും ഈ സമയങ്ങളിലെല്ലാം ഇവിടെ ഒരു പാലമുണ്ടായിരുന്നെങ്കിൽ എന്ന് അന്നേ ഖദീജ ആഗ്രഹിച്ചിരുന്നതായി പറയുന്നു. മക്കളെയെല്ലാം കടവിനക്കരെ പഴയങ്ങാടി ഭാഗത്താണ് വിവാഹം ചെയ്തയച്ചത്. തോണിയില്ലെങ്കിൽ ഇവരൊക്കെ കിലോമീറ്റർ താണ്ടി തളിപ്പറമ്പ് വഴിയാണ്

പട്ടുവം കോട്ടക്കീൽ പാലത്തിന് സമീപം ഖദീജ

പട്ടുവത്തേക്ക് എത്തിയിരുന്നത്. വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം പാലം എന്ന ആഗ്രഹം സഫലമാകുമ്പോൾ പട്ടുവത്തേയും അതുപോലെ കോട്ടക്കീലെയും ഏതൊരാളെയും പോലെ ഖദീജയും സന്തോഷത്തിലാണ്. ഇതിനു ഒരായിരം നന്ദി രേഖപ്പെടുത്തുന്നത് ടി.വി.രാജേഷ് എം.എൽ.എയോടാണ്. ഒപ്പം 45 വർഷം മുമ്പ് കോട്ടക്കീൽ കടവിൽ നിന്ന് 25 പൈസ നൽകി പട്ടുവത്ത് തോണിയിറങ്ങിയിരുന്നത് മങ്ങാത്ത ഓർമ്മയായി ഖദീജയുടെ മനസിൽ നിറയുന്നു.

ചിന്മയവിദ്യാലയ തളിപ്പറമ്പിലെ 2008-09 വർഷ പത്താംതരം ബാച്ചിന്റെയും 2010-11 വർഷത്തെ പ്ലസ്ടു ബാച്ചിന്റെയും സംഗമത്തിൽ പങ്കെടുത്തവർ

ട്രാൻസ്ഫോമറിന് സുരക്ഷാ വേലിയൊരുക്കി പള്ളികമ്മിറ്റി

തളിപ്പറമ്പ: പള്ളി കമ്മിറ്റിയുടെ പൂർണ്ണ ചെലവിൽ വൈദ്യുത ട്രാൻസ്ഫോമറിന് സുരക്ഷാ കവചം ഒരുങ്ങി. തളിപ്പറമ്പ ഹൈവേ ജുമാമസ്ജിദ് കമ്മിറ്റിയാണ് പള്ളിക്ക് സമീപത്തെ ട്രാൻസ്ഫോമറിന് സുരക്ഷാവേലി നിർമ്മിച്ചത്.

ഇവിടെ ഇരുമ്പ് വേലിയില്ലാത്തത് കടുത്ത അപകട ഭീഷണിയാണ് ഉയർത്തിയിരുന്നത്. ദിനംപ്രതി കുട്ടികൾ ഉൾപ്പെടെ നിരവധി പേർ ഇതു വഴി കടന്നുപോകുന്നതാണ്. തൊട്ടടുത്ത് വ്യാപാര സ്ഥാപങ്ങൾ ഉള്ളതിന് പുറമെ നിരവധി വാഹനങ്ങൾ ട്രാൻസ്ഫോമറിന് ചുറ്റും നിർത്തിയിടുന്നതാണ്. ഇതോടെ ട്രാൻസ്ഫോമറിന് വേലി നിർമ്മിക്കണമെന്ന ആവശ്യം ശക്തമായി ഉയർന്നിരുന്നു. അധികൃതർ ഇതിന് തയ്യാറാകാഞ്ഞതോടെയാണ്

ട്രാൻസ്ഫോമറിന് ചുറ്റും തളിപ്പറമ്പ ജുമാമസ്ജിദ് കമ്മിറ്റി ഒരുക്കിയ സുരക്ഷാ കവചം

പള്ളി കമ്മിറ്റി രംഗത്തിറങ്ങിയത്. കെ.വി.സലാം ഹാജി പ്രസിഡണ്ടും എൻ.എ.കെ.അബ്ദുള്ളഹാജി സെക്രട്ടറിയുമായ കമ്മിറ്റിയാണ് ഇരുവശത്തും കവാടമുള്ള മനോഹരമായ ഇരുമ്പ് വേലി ഇവിടെ ഒരുക്കിയിരിക്കുന്നത്. ഈ പ്രവൃത്തിയെ കെ.എസ്.ഇ.ബി അഭിനന്ദിക്കുകയും ചെയ്തിരുന്നു.

സമൃദ്ധി 2017 പരിശീലന പരിപാടിയുടെ ഭാഗമായി പറശിനിക്കടവിൽ സംഘടിപ്പിച്ച ഏകദിന വർക്ക്ഷോപ്പിന്റെ ഉദ്ഘാടനം ജയിംസ് മാത്യു എം.എൽ.എ നിർവഹിക്കുന്നു

പച്ചക്കറി വിളവെടുപ്പ് നടത്തി

കമ്പിൽ: നണിയൂർ നമ്പ്രം മാപ്പിള എ.എൽ.പി സ്കൂൾ പരിസ്ഥിതി ക്ലബ് ഹരിതം കോം പച്ചക്കറിത്തോട്ടം വിളവെടുപ്പ് വാർഡ് മെമ്പർ പി. പ്രീത നിർവഹിച്ചു. മദർ പി.ടി.എ പ്രസിഡണ്ട് ഫൗസിയ അധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ കെ.എം.പി. അഷ്റഫ്, വി. സ്മിത, റിജി, ശ്രീകല, ശ്രുതി ഇബ്രാഹിംകുട്ടി സംസാരിച്ചു. ഹെഡ്ടീച്ചർ പി.ടി. പ്രേമാവതി സ്വാഗതം പറഞ്ഞു.

സമൃദ്ധി 2017; ഏകദിന പരിശീലനം സംഘടിപ്പിച്ചു

പറശിനിക്കടവ്: സമൃദ്ധി 2017 സംരംഭകത്വ അവബോധ പരിശീലന പരിപാടിയുടെ മുന്നോടിയായി ഏകദിന വർക്ക്ഷോപ്പ് പറശിനിക്കടവിൽ സംഘടിപ്പിച്ചു. സാമൂഹ്യ-സാമ്പത്തിക ഉപജീവന സുരക്ഷിതത്വം പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാർ ജയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഐ.സി.എം ഡയറക്ടർ എം.വി.ശശികുമാർ അധ്യക്ഷത വഹിച്ചു. ഇ.എസ്.ജയിംസ്, വി.എൻ.ബാബു, എ.കെ.സക്കീർ ഹുസൈൻ, നാഗേഷ്, പി.പി.ദാമോദരൻ ക്ലാസെടുത്തു. ബി.നിരഞ്ജൻരാജ് അർസ് നന്ദി പറഞ്ഞു.

നണിയൂർ നമ്പ്രം സ്കൂളിൽ നടന്ന പച്ചക്കറി വിളവെടുപ്പ് വാർഡ് മെമ്പർ പി. പ്രീത ഉദ്ഘാടനം ചെയ്യുന്നു